**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1875** **29-07-2021 - ൽ മറുപടിയ്ക്ക്**

**കേരള ആട്ടോ മൊബൈൽസിന് അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള ആട്ടോ മൊബൈൽസിന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും എഞ്ചിനീയർ , മാനേജർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അഭാവവും കമ്പനിയെ തകർച്ചയിലേയ്ക്ക് നയിക്കും എന്നതിനാൽ ഇത് എങ്ങനെ പരിഹരിക്കാൻ കഴിയും എന്ന് വ്യക്തമാക്കമോ; | (എ) | 40 വർഷത്തിന് മുകളിൽ പഴക്കമുള്ള കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് കമ്പനിയിൽ എഞ്ചിനീയർ , മാനേജർ, സൂപ്പർവൈസർ, വർക്കർ തുടങ്ങി എല്ലാ കാറ്റഗറിയിലും ജീവനക്കാരുടെ അഭാവം നിലനിൽക്കുന്നുണ്ട്. ഒരു വർഷത്തിനകം ഒഴിവുവന്ന 19 തസ്തികകളിൽ നിയമനം നടത്തുന്നതിനായുള്ള നടപടികൾ തുടങ്ങിയെങ്കിലും ഇതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനനടപടികൾ താത്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ബഹു. ഹൈക്കോടതിയുടെ അന്തിമവിധിക്കനുസൃതമായി നിയമന നടപടികൾ പുനരാരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ അടിസ്ഥാനസൗകര്യവികസനത്തിനും ഇലക്ട്രിക്ക് ഓട്ടോയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടും മറ്റും കഴിഞ്ഞ 5 വർഷത്തിനിടെ 34 കോടിയോളം രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ഈ വർഷത്തെ ബഡ്ജറ്റിലും കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | റിസർച്ച് ആൻഡ് ഡവലപ്മെന്റിന് വേണ്ടിയുള്ള ഇപ്പോഴത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ; | (ബി) | കമ്പനിയ്ക്ക് ആവശ്യമായ റിസർച്ച് & ഡെവലപ്പ്മെന്റ് സൗകര്യങ്ങളും ടെസ്റ്റിംഗ് സൗകര്യങ്ങളും പുതിയ CMVR (Centre Motor vehicle Rule) മാനദണ്ഡങ്ങൾക്ക് അനുസൃതമായി നടപ്പിലാക്കാൻ കഴിഞ്ഞാൽ മാത്രമേ പുതിയ വാഹന മോഡലുകൾ പുറത്തിറക്കുവാനും നിലവിലുള്ള മോഡലുകളുടെ നവീകരണം നടത്തുവാനും സാധിക്കുകയുള്ളൂ. എന്നാൽ ഇതിന് വലിയ തോതിലുള്ള ധനലഭ്യത ആവശ്യമായി വരുമെന്നതിനാൽ കേരളത്തിലെ എൻജിനീയറിംഗ് കോളേജുകളുമായി ചേർന്ന് |

| | | | |
|---|---|---|---|
| | | | Industry-Institution linkage programme എന്ന പദ്ധതിയിലൂടെ സ്ഥാപനത്തിലെ റിസർച്ച് & ഡെവലപ്പ്മെന്റ് സൗകര്യങ്ങളുടെ അപര്യാപ്തതയ്ക്ക് താല്ക്കാലിക പരിഹാരം കണ്ടെത്തുവാൻ കമ്പനി ശ്രമിച്ചുവരികയാണ്. |
| (സി) | റിസർച്ച് ആൻഡ് ഡവലപ്മെന്റ് ജീവനക്കാരുടെ വിവരങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ; കുറവ് ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കഴിഞ്ഞ 10 വർഷമായി കമ്പനിയിലെ റിസർച്ച് & ഡെവലപ്മെന്റ് വിഭാഗത്തിൽ പ്രാപ്തരായ ജീവനക്കാർ ഇല്ല. ജീവനക്കാരുടെ അഭാവം നികത്തുന്നതിന് ആദ്യ നടപടിക്രമമായി ഒരു വർഷത്തിനകം ഒഴിവ് വന്ന തസ്തികകളിൽ നിയമനം നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ബഹു. ഹൈക്കോടതിയുടെ അന്തിമ ഉത്തരവ് വന്നതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുവാനാണ് കമ്പനി ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ